(സി) മില്ലിന്റെ സ്ഥലവും കെട്ടിടവും വിറ്റുകിട്ടിയ തുകകൊണ്ട് ധന ലക്ഷ്മി ബാങ്കിൽ കൊടുക്കാനുള്ള 2 കോടി 50 ലക്ഷം രൂപയും ഇ.എസ്.ഐ. യ്ക്കും പി.എഫിനും കൊടുക്കാനുള്ള 36,76,300 രൂപയും മുൻകാലങ്ങളിൽ പഞ്ഞി നൽകിയവർക്കും മറ്റും കൊടുക്കാനുള്ള 1,47,95,650 രൂപയും കൊടുത്തു തീർത്തിട്ടുണ്ട്.

(ഡി) പഴയതും ഉപയോഗശൂന്യവുമായ യന്ത്രങ്ങൾ വിൽപ്പന നടത്തി യിട്ടുണ്ട്. വിൽപ്പന സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

വീവിംഗ് മെഷനറി	:	27,01,413 രൂപ
സ്പിന്നിംഗ് മെഷനറി	:	17,45,741 രൂപ
പ്രോസസിംഗ് മെഷനറി	:	2,71,298 രൂപ

(ഇ) മില്ലിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി സ്പിന്നിംഗ് വിഭാഗത്തിൽ ആദ്യഘട്ടത്തിൽ പന്തീരായിരം സ്പിൻഡിലുകളും രണ്ടാം ഘട്ടത്തിൽ നാലായിരം സ്പിൻഡിലുകളും മാറ്റി സ്ഥാപിക്കുന്നതിനും പ്രോസസിംഗ് ഡിപ്പാർട്ടുമെന്റിന്റെ നവീകരണത്തിനുമുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

31 (1257) കുന്നത്തറ ടെക്സ്റ്റൈൽസ്

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാനാകും?

ഉത്തരം

(എ)&(ബി) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ് പുന രുദ്ധാരണത്തിനായി 29.6.1998-ലെ ജി.ഒ.(എം.എസ്സ്)96/98/വ്യവ. ഉത്തരവ് പ്രകാരം കോയമ്പത്തൂരിലെ മെമ്പേഴ്സ് ജി.എം. സ്വാമിയെ ഒരു ജോയിന്റ് പാർട്ടിസിപ്പെന്റായി ഉൾപ്പെടുത്തി ഒരു മാനേജ്മെന്റ് എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയുണ്ടായി. തുടർന്നു 30.1.1999-ൽ കുന്നത്തറ ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ ബോർഡ് ചെയർമാന്റെ സാന്നിദ്ധ്യത്തിൽ ശ്രീ. ജി.എം. സ്വാമിയും കുന്നത്തറ ടെക്സ്റ്റൈൽസ് മാനേജ്മെന്റും കരാറിൽ ഒപ്പ് വച്ചു. കൂടാതെ ടി മില്ലിന്റെ അറ്റകുറ്റപ്പണികൾക്കും വൃത്തിയാക്കലിനും ആവശ്യമായ തുക മില്ലിന് നൽകിയിട്ടുണ്ട്. ഫാക്ടറി എത്രയും വേഗം തുറന്നു പ്രവർത്തി ക്കാനുള്ള ശ്രമം നടന്നുവരുന്നു.

32 (1258) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പരമ്പരാ ഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കയർ മേഖലയിൽ വിപണിയിലെ മാന്ദ്യം കാരണം കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങി സഹകരണ സംഘങ്ങളേയും ചെറുകിട ഉൽപാദകരേയും സഹായിക്കുന്നതിനായി 1996-97 വർഷത്തിൽ കയർ ഫെഡിന് 570 ലക്ഷം രൂപയും കയർ കോർപ്പറേഷന് 190 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വിപണന വികസന പ്രവർത്തനങ്ങൾക്കായി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് എന്നിവയ്ക്ക് 1996-97,1997-98 എന്നീ വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

കയർഫെഡ്

1996-97-ൽ	-	118.54 ലക്ഷം
1997-98-ൽ	-	240 ലക്ഷം

കയർ കോർപ്പറേഷൻ

1996-97-ൽ	-	30 ലക്ഷം
1997-98-ൽ	-	40 ലക്ഷം

ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്)

1996-97-ൽ	-	30 ലക്ഷം
1997-98-ൽ	-	87.34 ലക്ഷം

1998-99 സാമ്പത്തിക വർഷത്തിൽ ഓഹരിവിഹിതമായി കയർഫെഡിന് 275 ലക്ഷവും കയർ കോർപ്പറേഷന് 250 ലക്ഷവും ഫോംമാറ്റിംഗ്സിന് 50 ലക്ഷം രൂപയും ഓഹരി വിഹിതമായി അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം കയർ ഫെഡിന് 130 ലക്ഷം രൂപയും കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് എന്നിവയ്ക്ക് യഥാക്രമം 50 ലക്ഷം രൂപ വീതവും ഓഹരിവിഹിതം അനുവദിക്കുവാൻ നീക്കിവച്ചിട്ടുണ്ട്. പീഡിത കയർ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായുള്ള സാമ്പത്തിക സഹായ പദ്ധതി പ്രകാരം 1996-97-ൽ 10 ലക്ഷം രൂപയും 1997-98-ൽ 900 ലക്ഷം രൂപയും 1998-99-ൽ 350 ലക്ഷം രൂപയും 476 സംഘങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പൊതുവിപണിയിൽ നിന്ന് തൊണ്ട്, ചകിരി എന്നിവ വാങ്ങി ഉൽപ്പാദനം നടത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന അധിക ചെലവ് പരിഹരിക്കുന്നതിന് സബ്സിഡി നൽകുന്ന ഒരു പദ്ധതിയും കയർ, കയറുൽപ്പന്നങ്ങൾ ഇവയുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സഹായത്തോടെ 20% റിബേറ്റ് നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. ഈ ഇനത്തിൽ 1996-97,1997-98,1998-99 എന്നീ വർഷങ്ങളിൽ യഥാക്രമം 645 ലക്ഷം, 609.87 ലക്ഷം, 643.08 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 600 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കയറിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള 'ജിയോ ടെക്സ്റ്റൈൽസ്' ഉപയോഗം വ്യാപകമാക്കുന്നതിനുള്ള പദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. വൈവിദ്ധ്യമാർന്ന കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കേന്ദ്രീകൃതമായി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും പരിഗണനയിലുണ്ട്.

കൈത്തറി :

LIBRARY ARCHIVES Kerala Legislative Assembly

റാന്റെക്സ്-റാൻവീവ് എന്നിവയ്ക്കുള്ള പുനരുദ്ധാരണം, ഓഹരി പങ്കാളിത്തം, സബ്സിഡി എന്നിവയും, കൈത്തറി സംഘങ്ങൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനും വികസനത്തിനുമുള്ള പദ്ധതി, കഴിനൂൽ സബ്സിഡിക്കുള്ള പദ്ധതി, കൈത്തറി തൊഴിലാളികൾക്കായുള്ള മാർജിൻ മണി-ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വിപണനം ലക്ഷ്യമാക്കിയുള്ള റിബേറ്റ് നൽകുന്ന പദ്ധതി, കമ്പ്യൂട്ടർ ഡിസൈനിംഗ് വിദ്യ ഇവ ഈ മേഖലയുടെ സംരക്ഷണത്തിനായി നടപ്പാക്കി വരുന്നു.

കശുവണ്ടി :

വ്യവസായ രംഗത്തെ പ്രധാന പ്രതിസന്ധി കശുവണ്ടിയുടെ ലഭ്യത കുറവാണ് ഇത് പരിഹരിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ കോമ്പൗണ്ടുകളിലും തരിശുഭൂമികളിലും കശുമാവ് വച്ചുപിടിപ്പിച്ച് ആഭ്യന്തരമായി കൂടുതൽ തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ വിപുലീകരണത്തിനായി 21.99 കോടി രൂപയും മാർജിൻ മണിയായി 6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അതുപോലെ തന്നെ കാപ്പെക്സിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമാവധി തോട്ടണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്കായി കശുവണ്ടി വികസന കോർപ്പറേഷന് 120 കോടിയോളം രൂപയും കാപ്പെക്സിന് 21 കോടിയോളം രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

കരകൗശല വ്യവസായരംഗത്ത് പ്രവർത്തിച്ചുവരുന്ന ശില്പികൾക്ക് സബ്സിഡി കഴിച്ച് 75% വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

പനനാര് സംസ്കരണത്തിനും "പാംലഹർ" എന്ന ശീതള പാനീയം നിർമ്മിക്കുന്നതിനുമായി കൂടുതലായി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

യന്ത്രസഹായത്തോടെ ഈറ്റയിൽ നിന്ന് അല്ലികൾ ഉണ്ടാക്കുന്നതിനും ഈറ്റയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഈറ്റക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

ഓട്ടു വ്യവസായത്തിന്റെ പ്രധാന അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ദൗർലഭ്യവും മൈനിംഗിനോടുള്ള ജനങ്ങളുടെ എതിർപ്പും പരിഹരിക്കുന്നതിനായി പഞ്ചായത്തുതല കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

സെറിഹെഡിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ സ്ഥലത്ത് മൾബറി കൃഷി നടത്തുവാനും കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

33 (1259) ടെൽക്കിലെ സെക്യൂരിറ്റി ഓഫീസറെ പിരിച്ചു വിട്ട നടപടി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ടെൽക്കിലെ സെക്യൂരിറ്റി ഓഫീസറായ കെ.വി. ഇമ്മാനുവേലിനെ പിരിച്ചുവിട്ട നടപടി അംഗീകരിക്കാനും

LIBRARY ARCHIVES Kerala Legislative Assembly